4.	മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. എൻ. ഗംഗാധരൻ	1,21,858
5.	കൃഷിവകുപ്പുമന്ത്രി ശ്രീ. എ. എൽ. ജേക്കബ്	13,942
6.	വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്	1,29,872
7.	സഹകരണ വകുപ്പുമന്ത്രി ശ്രീമതി എം. കമലം	69,691
8.	ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി	84,167
9.	വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ	53,934
10.	തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ	30,323
11.	എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ	59,648
12.	തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. സി. എം. സുന്ദരം	21,526
13.	ഗതാഗത വകുപ്പുമന്ത്രി ശ്രീ. എൻ. സുന്ദരൻ നാടാർ	29,234
14	ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. വയലാർ രവി	1,52,449
15.	റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്	65,632
16.	ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. യു. എ. ബീരാൻ	43,235
17.	സാമൂഹ്യ ക്ഷേമ വികസന വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധൻ	31,378.

മന്ത്രിമാരുടെ ഡൽഹി സന്ദർശനം

7. [8] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ എത്ര പ്രാവശ്യം വീതം ഡൽഹി സന്ദർശിച്ചു;

(ബി) ഓരോരുത്തരുടെയും സന്ദർശനോദ്ദേശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെ ഡൽഹി സന്ദർശനങ്ങൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽനിന്നു ചെലവാക്കിയിട്ടുള്ള മൊത്തം തുകയെത്ര ;

(ഡി) ഓരോരുത്തർക്കും എത്ര വീതം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമന്ത്രി —12 പ്രാവശ്യം
ഉപമുഖ്യമന്ത്രി —ഡൽഹി സന്ദർശനം നടത്തിയില്ല.
ഭക്ഷ്യ–സിവിൽ
സപ്ലൈസ് മന്ത്രി —2 പ്രാവശ്യം
വനം വകുപ്പുമന്ത്രി —2 ,,
ധനകാര്യമന്ത്രി —5 ,,
തൊഴിൽ വകുപ്പുമന്ത്രി —3 ,,

മറ്റു മന്ത്രിമാർ നടത്തിയ ഡൽഹി സന്ദർശനത്തെപ്പറ്റി വിവരം ശേഖരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ എല്ലാ സന്ദർശനങ്ങളും ഔദ്യോഗികാവശ്യത്തിനാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മുഖ്യമന്ത്രിയുടെ യാത്രയ്ക്കായി വിമാനക്കൂലി ഇനത്തിൽ 15,629 രൂപ ചെലവായി. മറ്റു മന്ത്രിമാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

1985-86-ലെ മന്ത്രിമാരുടെ യാത്രാപ്പടി.

8 [10] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ ഇതേവരെ സംസ്ഥാനത്തെ ഓരോ മന്ത്രിക്കും യാത്രാപ്പടി ഇനത്തിൽ ചെലവായ തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോരുത്തരും വിമാനയാത്രയ്ക്കു മാത്രമായി ചെലവാക്കിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) 1985-86-ൽ ഇതേവരെ ഓരോ മന്ത്രിക്കും യാത്രാപ്പടി ഇനത്തിൽ ചെലവായ തുകയും വിമാനയാത്രയ്ക്ക് ചെലവായ തുകയും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

മന്ത്രിമാർക്ക് ടെലഫോൺ ചാർജിനത്തിൽ ചെലവായ തുക.

9. [11] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫിനും വേണ്ടി ആകെ ചെലവായ ഫോൺചാർജ് എത്രവീതമാണെന്ന് പറയാമോ ?

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly